**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൊടികുത്തിമല ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ;പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക മൺസൂൺ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ ; | (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക മൺസൂൺ വിനോദ സഞ്ചാര പദ്ധതി നടപ്പിലാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | സഞ്ചാരികളെ ആകർഷിക്കുന്നതിന് മഴയാത്ര, റെയിൻ ക്യാമ്പ് പോലെയുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വ്യക്തമാക്കാമോ; | (ബി) | നിലവിൽ അംഗീകരിച്ച വർക്കിംഗ് പ്ലാനിൽ ഇത്തരത്തിലുള്ള പരിപാടികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ ടക്കിംഗ് വാഹനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ വിനോദസഞ്ചാരികളെ മുകളിൽ എത്തിക്കുന്നതിന് പരിസ്ഥിതി സൗഹൃദമായ വാഹനങ്ങൾ വാങ്ങുന്നതിന് സി.എസ്.ആർ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ